## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2823** **10.03.2017 ൽ മറുപടിയ്ക്ക്**

**കലോത്സവങ്ങളിൽ അപ്പീൽ നൽകുന്നതിലേക്കായി കെട്ടിവെയ്ക്കുന്ന തുകയുടെ ആഡിറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കലോത്സവങ്ങളിൽ അപ്പീൽ നൽകുന്നതിലേക്കായി കെട്ടി വെയ്ക്കുന്ന തുക ആഡിറ്റിന് വിധേയമാക്കാറുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഓരോ വർഷത്തെ കലോത്സവത്തിന്റെ കണക്കുകൾ ആഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറൽ ആഫീസിൽ നിന്നും സർക്കാരിന്റെ ഫിനാൻസ് വിഭാഗവും പരിശോധിക്കാറുണ്ട്. |
| (ബി) | ഇത്തരം ഡെപ്പോസിറ്റ് തുകകൾ എങ്ങിനെയാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഇത്തരം ഡെപ്പോസിറ്റ് തുകകൾ കലോത്സവവുമായി ബന്ധപ്പെട്ട വിവിധയിനം ചെലവുകൾക്കായി വിനിയോഗിക്കാറുണ്ട്. |
| (സി) | കഴിഞ്ഞ പത്ത് വർഷങ്ങളിലായി ഇങ്ങനെ സ്വരൂപിച്ച തുക എത്രയെന്നും അവ എങ്ങിനെ വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | 2007-08 വർഷത്തെ സംസ്ഥാന കലോത്സവത്തിൽ അപ്പീൽ ഫീസ് ഇല്ലായിരുന്നു. 2008-09 വർഷം മുതൽ 2016-17 വർഷം വരെ ലഭിച്ച അപ്പീലിൽ അനുവദിച്ച അപ്പീലും പോയിട്ട് ബാക്കി |

| | | | |
|---|---|---|---|
| | | | 3424 അപ്പീലുകളാണ് ഉണ്ടായിരുന്നത്. 3424 അപ്പീലുകൾക്ക് 5000/- രൂപ അപ്പീൽ ഫീസിനത്തിൽ 1,71,20,000/- രൂപയാണ് ലഭിച്ചത്. പ്രസ്തുത തുകയിൽ അതാത് വർഷത്തെ കലോത്സവത്തിന് ഉണ്ടായ വിവിധ ചെലവുകളായ മത്സരാർത്ഥികൾക്കുള്ള പ്രൈസ് മണി, വിധികർത്താക്കൾക്കുള്ള റെമ്യൂണറേഷൻ, റ്റി.എ, ഡി.എ. അപ്പീൽ ജൂറികൾക്കുള്ള റെമ്യൂണറേഷൻ, റ്റി.എ, ഡി.എ, താമസ ചെലവുകൾ തുടങ്ങിയവയ്ക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം ചെലവഴിക്കുകയും ബാക്കി തുക കലോത്സവ ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.<br>വിശദവിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം. | വർഷം | ആകെ അപ്പീലുകൾ | ആകെ തുക |
|---|---|---|---|
| 1 | 2007-2008 | 41 | |
| 2 | 2008-2009 | 112 | 560000 |
| 3 | 2009-2010 | 139 | 695000 |
| 4 | 2010-2011 | 263 | 1315000 |
| 5 | 2011-2012 | 397 | 1985000 |
| 6 | 2012-2013 | 392 | 1960000 |
| 7 | 2013-2014 | 376 | 1880000 |
| 8 | 2014-2015 | 742 | 3710000 |
| 9 | 2015-2016 | 382 | 1910000 |
| 10 | 2016-2017 | 621 | 3105000 |

Aadeera

സെക്ഷൻ ഓഫീസർ